"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- തിരുവനന്തപുരം നഗരസഭയിലെ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീമതി. രാജേശ്വരി.ആർ.വി-യ്ക്ക് പ്രത്യേക അവശതാവധി അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

**സ.ഉ.(സാധാ) നം.924/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/04/2021

---

പരാമർശം:- നഗരകാര്യ ഡയറക്ടറുടെ 19.10.2020 തിയതിയിലെ ഇ4-12445/20 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീമതി. രാജേശ്വരി.ആർ.വി-യ്ക്ക് ഔദ്യോഗികകൃത്യനിർവഹണത്തിനുള്ള യാത്രയ്ക്കിടയിൽ 14.05.2020ൽ അപകടം സംഭവിച്ച് ചികിത്സയിൽ ആയതിനാൽ ടിയാൾക്ക് കെ.എസ്.ആർ ഭാഗം 1 ചട്ടം 97(1)(3) ലെ വ്യവസ്ഥകൾക്ക് വിധേയമായി 14.05.2020 മുതൽ 14.09.2020 വരെ പ്രത്യേക അവശതാവധി അനുവദിക്കുന്നതിനായി മെഡിക്കൽ സർട്ടിഫിക്കറ്റ്, നഗരസഭാ ഹെൽത്ത് ഓഫീസറുടെ കുറിപ്പ്, എന്നിവ സഹിതം ടിയാൾ സമർപ്പിച്ച അപേക്ഷ നഗരകാര്യഡയറക്ടർ പരാമർശം കത്ത് പ്രകാരം ശുപാർശ ചെയ്തു നൽകിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീമതി. രാജേശ്വരി.ആർ.വി. ഔദ്യോഗിക കൃത്യനിർവഹണ ത്തിന്റെ ഭാഗമായി 14.05.2020ന് ഫീൽഡ് വിസിറ്റ് നടത്തി തിരികെ മടങ്ങുന്ന വഴിയാണ് റോഡ് അപകടം സംഭവിച്ച് പരിക്ക് പറ്റിയതെന്ന് നഗരസഭാ ഹെൽത്ത് ഓഫീസറുടെ കുറിപ്പിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ നഗരകാര്യ ഡയറക്ടറുടെ ശുപാർശ പരിഗണിച്ച് തിരുവനന്തപുരം നഗരസഭയിലെ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീമതി.രാജേശ്വരി.ആർ.വി.യുടെ അപേക്ഷയുടെയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റേയും അടിസ്ഥാനത്തിൽ ടിയാൾക്ക് 14.05.2020 മുതൽ 119 ദിവസത്തേക്ക് കെ.എസ്.ആർ. ഭാഗം 1 ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAISY PAUL

അണ്ടർ സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീമതി.രാജേശ്വരി.ആർ.വി., രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ,

തിരുവനന്തപുരം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

സെക്രട്ടറി, തിരുവനന്തപുരം നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ